# @jamshp

ബീരാന്റെ കിണർ

___________

സമയം ഒരു പത്ത് പതിനൊന്ന് മണിയായിക്കാണണം. വലിച്ചിട്ട തേങ്ങയൊക്കെ പെറുക്കിക്കൂട്ടി തോർത്തുമെടുത്ത് വീട്ടിലേക്ക് തിരിക്കാനിറങ്ങിയതാണ്. അപ്പോഴാണ് കയ്യിൽ തൂക്ക പാത്രവുമായി അയലത്തെ കബീറിന്റെ മോൻ വര്ന്നത്.

"മാഷേ... വെള്ളം കിട്ട്ന്ന്ല്ല്യ. ങ്ങളോട് കിണറ്റിലെ മോട്ടർന്റെ വാൽവ് ഒന്ന് താഴ്ത്തി വെക്കാൻ പറഞ്ഞ്ക്കണ്"

തൂക്കപാത്രം കൈയിൽ വെച്ചുതന്ന് അവൻ അവന്റെ പാട്ടിന് പോയി.

സത്യം പറഞ്ഞാൽ
എന്റെ രണ്ട് രണ്ടര മാസത്തെ ശമ്പളം കൊണ്ട് കെട്ടിയോൾക്കും കുട്ടിയോൾക്കും നല്ല ഒന്നാന്തരമൊരു കുഴൽ ഞാൻ അടിച്ച് കൊടുത്ത്ക്ക്.
പക്ഷേങ്കിൽ സൂര്യന് ദാഹം വന്നാൽ കുഴലാണ് ന്നൊന്നും നോക്കൂലല്ലോ. സകല വെള്ളത്തെയും ബാഷ്പീകരിച്ച് കളയും. എന്നിട്ട് അവയൊക്കെ ഒറ്റയടിക്ക് മഴയായി പെയ്തറക്കി ഒരു ഒന്നൊന്നര മാസം ഏതേലും ഷെഡിൽ പോയി കിടക്കേണ്ട അവസ്ഥ വരുത്തും. ശെരിക്കും ഈയിടയായി പ്രകൃതിക്ക് ഒരു മാതിരി സ്വഭാവാണ്. കണ്ണിൽ ചോരയില്ലാത്ത കാട്ടിക്കൂട്ടലുകൾ.
സർവ ചരാചരങ്ങളോടും കാര്യമില്ലാതെ ക്ഷോഭിക്കുന്നു.
കുന്ന് മാന്തി വീടെടുത്തവന്റെ വീടിനെ ഗർത്തത്തിൽ ആഴ്ത്തുന്നു. കുന്ന് മാന്താതെ ഷെഡ് കെട്ടി ജീവിക്കുന്നവന്റെ കുടിലിന്മേലിൽ മരക്കൊമ്പ് വീഴ്ത്തി സകലരെയും ഒറ്റ നിമിഷം കൊണ്ട് യമപുരിക്കയക്കുന്നു.
ഓരോരോ വിരോധാഭാസങ്ങൾ.

"നോക്കി,ഇങ്ങള് വാൽവ് താഴ്ത്താൻ പോയില്ല്യേ. ഇബ്ടെ ഇന്നൊരു പണീം നടന്നിട്ട് ല്ല്യ"

"ഹാ...ഞാൻ പ്പോ പോകാ"

മറുവശത്ത് ഭാര്യയുടെ ആവലാതികൾ.. വേവലാതികൾ... പിരാക്കങ്ങൾ.... മിക്കവാറും എല്ലാ ഒഴിവ് ദിവസവും കിട്ട്ന്ന ഡോസ് ഇന്നും കിട്ടുംന്നാണ് തോന്നുന്നേ. ഗുലുമാൽ പിടിച്ച ജീവിതം. ഭാര്യയുടെ ക്ഷോഭപാത്രത്തിൽ പൊരിയേണ്ട അവസ്ഥ എത്ര പരിതാപകരം.

ഓരോരോ തോന്നലാത്തുകൾ...
ചിന്തകൾ...
ചിന്തിച്ച് ചിന്തിച്ച് മുനിസിപ്പാലിറ്റി റോഡിന്റെ ഏകദേശം ഒരു ഒന്നൊന്നര മീറ്റർ അകലെയായി കിടക്കുന്ന വലിയ വായുള്ള, കുഴലനല്ലാത്ത, മഹത്തായ ഈ കിണറിന്റെ അടുത്ത് എത്തിയത് ഞാൻ അറിഞ്ഞില്ല.

അതിന് ചുറ്റും കെട്ടിയ ചെങ്കല്ലിന്റെ ആൾമറ രണ്ടായി വിഭജിച്ചിരിക്കുന്നു. ഏതായാലും സംഗതി ജോർ ആയിട്ടുണ്ട്.
ഫുൾ കളർ ഫുൾ.
ഒരു ഭാഗത്ത് ചിരിക്കുന്ന സീതി സാഹിബിന്റെ ചെറിയ മുഖം വലുതായി വരച്ചിരിക്കുന്നു. മറുഭാഗത്ത് ഇഎംഎസി ന്റെയും ചെഗുവേരയുടെയും ഒത്തിരി വല്യ പടങ്ങൾ. സീതിയുടെ ഭാഗത്ത് നിന്ന് സാഹിബുമാരും ഇഎംഎസ് ന്റെ ഭാഗത്ത് നിന്ന് സഖാക്കളും വെള്ളം എടുക്കുക. അതാണ് നിയമം.
കക്ഷി രാഷ്ട്രീയത്തിൽ ഇറങ്ങാത്ത ഞാൻ ഒക്കെ എവിടെന്നാണാവോ വെള്ളം എട്ക്കേണ്ടി വര്യ. ഏതായാലും നമ്മടെ
മോട്ടർ പച്ച നിറം ആയതോണ്ട് സാഹിബായിട്ടാണ് എന്നെ കണക്കുകൂട്ടുന്നത്.

നിറമില്ലാത്ത വെള്ളം... ത്വഹൂർ ആയ പച്ച വെള്ളം...
റഹ്മാനായ തമ്പുരാൻ എല്ലാം ഫ്രീ ആയിട്ട് തരുന്നു. മനുഷ്യന്മാർ അതിന്മേൽ ഓരോ വേണ്ടാത്ത നിയമങ്ങൾ കൊണ്ടുവെക്കുന്നു.
ഓരോ അവസ്ഥകൾ. വെള്ളം എടുക്കുന്നത് ഭൂമിക്കടിയിൽ നിന്ന്. ഒരേ കിണറ്റിൽ നിന്ന്. പക്ഷേ, ആൾമറയുടെ വക്കത്തെത്തുമ്പോൾ അത് രാഷ്ട്രീയത്തെ പുൽകുന്നു. അല്ല, മനുഷ്യൻ അതിന് രാഷ്ട്രീയ മാനം നൽകുന്നു. നിറം കലർത്തുന്നു. വിഭജനങ്ങൾ സൃഷ്ടിക്കുന്നു.
സ്വാർഥത മൂത്ത, നന്ദികെട്ട ജീവികൾ. തന്നെക്കാൾ അബലയാണെന്ന് അല്ലെങ്കിൽ അബലനാണെന്ന് തോന്നുന്ന എല്ലാത്തിനെയും പരിധി കടന്ന് അവർ ചൂഷണം ചെയ്യുന്നു. അക്രമം കാണിക്കുന്നു. അന്നേരം പടച്ചോൻ അവന്റെ നിഅ്മതുകൾക്ക് ലൈൻ വരക്കുന്നു. എന്നാലും ബുദ്ധിമുട്ടിക്കൂല. ആവശ്യമുള്ള
സംഗതി എങ്ങനെയെങ്കിലും മഖ്‌ലൂകിന് എത്തിച്ച് കൊട്ക്കും, റഹ്മാനായ തമ്പുരാൻ... എല്ലാത്തിനോടും ദയ കാണിക്കുന്ന എന്റെ റബ്ബ്.

പരീക്ഷണങ്ങളിൽ ക്ഷമിച്ച് നല്ല മനുഷ്യനായി ജീവിക്കുന്നവർക്ക് ഇരുലോകത്തും അവൻ സൗഖ്യം നൽകുന്നു. ദുനിയാവിലും ആഖിറത്തിലും ബറകത്ത് നൽകുന്നു. അങ്ങനെയുള്ള അവന്റെ റഹ്മത്തിനും ബറകത്തിനും പാത്രമായ ഒരു മനുഷ്യൻ. നാട്ടുകാർക്ക് മുമ്പിലെ തെണ്ടിപെറുക്കി ജന്മം. എന്റെ വല്ലുപ്പ ചായ കുടിക്കാൻ വിളിച്ചുകൊണ്ടുവരാറുണ്ടായിരുന്ന ബീരാൻ. മരിക്കുന്നതിന് മുമ്പ് സ്വയം ഖബർ കുഴിച്ച് വെച്ച് മരണത്തെ പോലും കൈ പിടിച്ച് സ്വീകരിച്ച മഹാമനീഷി. ആ മനുഷ്യൻ ഒറ്റക്ക് കുഴിച്ച കിണറാണിത്. വല്യ ആഴമൊന്നുമില്ലാത്ത കിണർ. ജലസമ്പത്ത് എമ്പാടുമുള്ള കിണർ. നാട്ടിലെ ഹാജിയുടെ വലിയ വീട്ടിലെ താഴ്ചയുള്ള കുഴൽ കിണറിൽ വെള്ളം വറ്റുന്ന ഏപ്രിൽ - മെയ് മാസങ്ങളിൽ പോലും ബീരാൻ കുഴിച്ച ചെറിയ ഈ കിണറിൽ ജലം നിർബാധം എവിടെ നിന്നോ കിനിയുന്നു.
അതിന്റെ നിരപ്പ് താഴാതെ നിൽക്കുന്നു. പണ്ട്, മക്കാ മരുഭൂവിൽ പ്രവാചകൻ ഇസ്മാഈലിന് കാലിൻ ചുവട്ടിൽ നിന്ന് ജലമൊഴുക്കി കൊടുത്ത തമ്പുരാൻ. പ്രവാചകൻ മുഹമ്മദിന്റെ കൈ വിരലുകൾക്കിടയിൽ നിന്നും ജലം കിനിയിപ്പിച്ച റബ്ബ്. ഇന്നിതാ സർവ്വ കിണറുകളും വറ്റി കിടക്കുമ്പോൾ സൃഷ്ടികൾ കഷ്ടപ്പെടരുത് എന്ന് കരുതി അവനെ പ്രണയിച്ച ബീരാൻ കുഴിച്ച കിണറിലൂടെ വെള്ളം നൽകുന്നു. ആ മഹത്തായ കിണറിൽ നിന്നാണ് ഇപ്പോൾ ഞങ്ങളും വെള്ളമെടുക്കുന്നത്. ഇരുമ്പ് ചുവയ്ക്കാത്ത, ത്വഹൂറായ വെള്ളം.

ഞാൻ വാൽവ് ഒന്ന് കൂടെ താഴ്ത്തി. ശേഷം അരയിൽ കെട്ടിയിരുന്ന മുണ്ടിനെ തലയിലേക്ക് സ്ഥലം മാറ്റി ധൃതിയിൽ വീട്ടിലേക്ക് നടന്നു.
മഹാനായ ബീരാന്റെ മരിക്കാത്ത ഓർമകളുമായി.